# ഇടുക്കിയിലെ അഗതിരഹിത കേരളം സർവ്വേ

കേരളത്തെ അഗതിരഹിതമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് അഗതിരഹിത കേരളം. സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിക്കുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്ക്കരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി 2003 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് ആശ്രയ. 2013ൽ ആശ്രയ രണ്ടാം ഘട്ടത്തിനും കേരള സർക്കാർ അംഗീകാരം നൽകി. 2017-18 ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്തൃ കുടുംബങ്ങളിൽ തുടർന്നും സേവനം ആവശ്യമുള്ള ഏവരേയും കണ്ടെത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് അഗതിരഹിത കേരളം.

അഗതിരഹിത കേരളം പദ്ധതി പ്രാവർത്തികമാക്കി പൂർണ്ണമായും അഗതിരഹിതമായ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യമാണ് കേരള സർക്കാരിനുള്ളത്. അഗതിരഹിത കേരളം പദ്ധതിക്ക് മുന്നോടിയായി അഗതികളെ കണ്ടെത്തുന്നതിനാി കുടുംബശ്രീ മുഖേനയാണ് സർവ്വേ നടത്തുന്നത്. പ്രത്യേകമായി തയാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് സർവ്വേ. ഒക്ടോബർ 19ന് ഗുണഭോക്തൃ സർവ്വേയുടെ ഔദ്യോഗിക ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിച്ചു.

**<u>ഫണ്ട്</u>**

അഗതിരഹിത കേരളം പദ്ധതിക്കായി ആകെ ചെലവാകുന്ന തുകയുടെ 40 ശതമാനം അഥവാ 40 ലക്ഷം (പൊതുവിഭാഗം- എസ്ടി വിഭാഗത്തിന് 50 ലക്ഷം) ഇതിൽ

ഏതാണോ കുറവ് അത്രയും തുക കേരള സർക്കാർ കുടുംബശ്രീ വഴി ഓരോ പഞ്ചായത്തിനും ചലഞ്ച് ഫണ്ടായി നൽകും. ഭക്ഷണം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ അതിജീവന - വികസന ആവശ്യങ്ങൾക്കായിരിക്കും ഈ തുക ചെലവഴിക്കുക. ശേഷിച്ച 60 ശതമാനം തുക ത്രിതല പഞ്ചായത്തിന്റെ വിവിധ പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്തും. പാർപ്പിടം ഒരുക്കി നൽകൽ പോലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഈ തുക ചെലവഴിക്കാം.

<u>സർവ്വേ</u>

പ്രത്യേകമായി ഡിസൈൻ ചെയ്ത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് സർവ്വേ നടത്തുന്നത്. ഓരോ അഗതി കുടുംബത്തിന്റെയും ഫോട്ടോ എടുക്കുകയും താമസിക്കുന്ന സ്ഥലം ജിയോടാഗ് ചെയ്യുകയും ചെയ്തു വരുന്നു.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഒമ്പത് ക്ലേശഘടകങ്ങളിൽ കുറഞ്ഞത് ഏഴും അധിക ക്ലേശഘടകങ്ങളിൽ കുറഞ്ഞത് ഒന്നും ബാധകമാകുന്ന കുടുംബത്തെയാണ് അഗതിത്വ പരിധിയിൽ കണക്കിലെടുക്കുക. ഗുണഭോക്തൃ നിർണ്ണയത്തിനുള്ള ക്ലേശഘടകങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷമാകും സർവ്വേവഴി അന്തിമ പട്ടിക തയാറാക്കുക. ഇപ്രകാരം അഗതികളെന്ന് കണ്ടെത്തുന്നവർക്ക് ഭക്ഷണം, ആരോഗ്യപരിപാലനം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ സഹായങ്ങൾ നൽകി കൊണ്ട് ആവശ്യമായ ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്താൻ സഹായിച്ചുമാണ് അഗതിരഹിത കേരളം പദ്ധതി നടപ്പാക്കുക.

**കുടുംബത്തിന് ബാധകമായ ക്ലേശഘടകങ്ങൾ**

| ക്രമ നമ്പർ | ഗ്രാമപ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| 1. | ഭൂരഹിതർ / 10 സെന്റിൽ താഴെ ഭൂമിയുള്ളവർ | ഭൂരഹിതർ / 5 സെന്റിൽ താഴെ ഭൂമിയുള്ളവർ |
| 2. | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ |

| | | |
|---|---|---|
| 3. | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല |
| 4. | ശുചിത്വ കക്കൂസ് ഇല്ല | ശുചിത്വ കക്കൂസ് ഇല്ല |
| 5. | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) |
| 6. | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7. | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം |
| 8. | പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം | പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം |
| 9. | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം |

## കുടുംബത്തിന് ബാധകമായ അധിക ക്ലേശഘടകങ്ങൾ

**ഗ്രാമപ്രദേശങ്ങൾ**

1. ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ)
2. രാത്രികാലം, പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
3. അവിവാഹിതരായ അമ്മ-അമ്മയും കുഞ്ഞും മാത്രം- ഭർത്താവ് ഉപേക്ഷിച്ചതും

ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ

4. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ
5. തീരാവ്യാധികൾ- ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരും
6. കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം
7. ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ
8. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

**നഗരപ്രദേശങ്ങൾ**

1. രാത്രികാലം,. പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
2. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ
3. ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ
4. ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം.
5. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ
6. തെരുവുകുട്ടികൾ, ദുർഗുണ പരിഹാര പാഠശാല, അഗതി മന്ദിരം എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികളുള്ള കുടുംബം
7. കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം
8. ലൈംഗിക തൊഴിലാളികളുള്ള കുടുംബം
9. അബല മന്ദിരത്തിൽ താമസിക്കുന്ന വനിതകൾ അംഗമായ കുടുംബം
10. ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം.

## ഇടുക്കിയിലെ അഗതിരഹിത കേരളം സർവ്വേ

8 ബ്ലോക്കുകളിലായി 54 സിഡിഎസാണ് ഇടുക്കി ജില്ലയിലുള്ളത്. ഈ സിഡിഎസുകളിലായി 5000ത്തോളം ആശ്രയ ഗുണഭോക്താക്കളുമുണ്ട്.

### പ്രവർത്തനരീതി

സംസ്ഥാന മിഷനിൽ നിന്ന് നൽകിയ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സെപ്റ്റംബറിനുള്ളിൽ തന്നെ സർവ്വേ ചെയ്യേണ്ട ഗുണഭോക്താക്കളെ കണ്ടെത്തി അതിന്റെ പട്ടിക ജില്ലാ മിഷനിൽ സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിയതാണ് സർവ്വേയുടെ ആദ്യ പടി. ഇതനുസരിച്ച് അയൽക്കൂട്ടങ്ങളുടെ പിന്തുണയോടെ ഓരോ വാർഡിലെയും എഡിഎസ് ഗുണഭോക്താക്കളെ കണ്ടെത്തി സിഡിഎസ് ചെയർപേഴ്സണ് പട്ടിക കൈമാറി. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരവും കൂടി നേടിയ പട്ടിക ജില്ലാ മിഷനിൽ സമർപ്പിച്ചു. റിസോഴ്സ് പേഴ്സൺമാരുടെ (ആർപി) ലിസ്റ്റ് കൂടി സിഡിഎസിൽ നിന്ന് ജില്ലാ മിഷൻ വാങ്ങിയിരുന്നു.

ആശ്രയ റിസോഴ്സ് പേഴ്സൺമാർ വഴിയാണ് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള ഗുണഭോക്തൃ സർവ്വേ നടത്താൻ തീരുമാനിച്ചത്. ആദ്യം സംസ്ഥാനതല പരിശീലനം ആർപിമാർ നേടി. 2017 സെപ്റ്റംബർ 15നായിരുന്നു ഇത്. പിന്നീട് ജില്ലാ തലത്തിൽ തൊടുപുഴ, ഇടുക്കി, മൂന്നാർ, കട്ടപ്പന എന്നിവിടങ്ങളിൽ ആർപിമാർ 150 പേർക്ക് ഏകദിന പരിശീലനം നൽകി. ഒരു കുടുംബത്തെ സർവ്വേ നടത്തുന്നതിന് നാൽപ്പത് രൂപയാണ് ആർപിമാർക്ക് പ്രതിഫലമായി നൽകുന്നത്. ഇത് കൂടാതെ അഗതിരഹിത കേരളം സർവ്വേയ്ക്ക് വേണ്ടി ഒരു ജില്ലാ ടീമിനെയും മാർഗ്ഗനിർദ്ദേശം അനുസരിച്ച് രൂപീകരിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരും ജില്ലാ പ്രോഗ്രാം മാനേജറും ചേർന്ന ടീമായിരുന്നു ഇത്.

### ആർപിമാരുടെ പ്രവർത്തനം

ലിസ്റ്റ് അനുസരിച്ച് ഓരോരുത്തരുടെയും വീടുകളിലെത്തി മൊാബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തും.

## സ്പെഷ്യൽ ആക്ഷൻ ടീം

ഇടുക്കിയുടെ പ്രത്യേക ഭൂഘടന അനുസരിച്ച് ഈ പ്രതിഫലം പര്യാപ്തമല്ല എന്ന് ചൂണ്ടിക്കാട്ടി പരിശീലനം ലഭിച്ച ആർപിമാരിൽ പലരും പിന്മാറി. 120 ആർപിമാരെ ഉപയോഗിച്ചായിരുന്നു സർവ്വേയ്ക്ക് ഇടുക്കി തുടക്കമിട്ടത്. ഇതോടെ സർവ്വേയിൽ ജില്ല ഏറെ പിന്നിൽ പോയി. ഇതിനൊരു പരിഹാരമെന്ന നിലയിൽ 2017 നവംബർ 29ന് ജില്ലാ സ്പെഷ്യൽ ആക്ഷൻ ടീം രൂപീകരിച്ചു. ഡിഎംസി, എഡിഎംസി, ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ എന്നിവർ ഈ ടീമിൽ അംഗമായിരുന്നു. സർവ്വേയിൽ പിന്നിൽ നിന്നിരുന്ന ചിന്നക്കനാൽ, ഇടമലക്കുടി, കരുണാപുരം, കോടിക്കുളം, കൊക്കയാർ, കൊന്നത്തടി, കുടയത്തൂർ, നെടുംകണ്ടം, പാമ്പാടുംപാറ, വട്ടവട, വെള്ളത്തൂവൽ, വെള്ളിയാമറ്റം എന്നീ പഞ്ചായത്തുകളിൽ ഈ ആക്ഷൻ ടീം നേരിട്ടെത്തി സർവ്വേ നടത്തുകയും രണ്ട് ദിവസത്തിനുള്ളിൽ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തു. സർവ്വേ നടക്കുന്നതിനൊപ്പം അപ്‌ലോഡ് ചെയ്യപ്പെടുന്ന ലിസ്റ്റിന്റെ പരിശോധന ജില്ലാ ടീം നടത്തുന്നുണ്ടായിരുന്നു. സർവ്വേ കൂടുതൽ വേഗത്തിൽ നടത്തുന്നതിനായി കൂടുതൽ ആർപിമാർക്ക് പരിശീലനം നൽകുകയും ചെയ്തുവന്നു. 500 ഓളം ആർപിമാർ സർവ്വേയ്ക്കായി ഇടുക്കി ജില്ലയിൽ മാത്രം പ്രവർത്തിച്ചു. ഡിസംബർ 27 ഓടെ ജില്ലയിലെ സർവ്വേ പൂർത്തീകരിച്ചു.

ജില്ലയിലാകെ 10372 കുടുംബങ്ങളിലാണ് സർവ്വേ നടത്തിയത്. അതിൽ 5117 കുടുംബങ്ങൾ പദ്ധതിയിൽ ഉൾപ്പെടേണ്ടവരല്ലെന്ന (റിജക്റ്റഡ്) റിപ്പോർട്ട് അനുസരിച്ച് കണ്ടെത്തി. 5255 പേരാണ് അഗതിത്വ പരിധിയിൽ വരുന്നത്. ഇങ്ങനെ സർവ്വേ നടത്തിയതും തിരസ്ക്കരിക്കപ്പെട്ടതും ഉൾപ്പെടുത്തിയതുമായ കുടുംബങ്ങളുടെ വിവരങ്ങളുൾപ്പെടുന്ന കരട് പട്ടിക ഓരോ സിഡിഎസിനും അയച്ചു നൽകി. പിന്നീട് ഡിസംബർ 31 ഓടെ കരട് പട്ടിക ഓരോ സിഡിഎസും പ്രസിദ്ധീകരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപന നോട്ടീസ് ബോർഡുകളിലും അംഗൻവാടിയിലുമാണ് ഈ പട്ടിക പ്രസിദ്ധീകരിച്ചത്.

പട്ടികയിൽ ആക്ഷേപങ്ങൾ സ്വീകരിക്കാൻ അഞ്ച് ദിവസത്തെ സമയം കൊടുത്തു. സിഡിഎസ് ചെയർപേഴ്സൺമാർക്കാണ് അപ്പീൽ നൽകേണ്ടിയിരുന്നത്. ഇതിനായി ഒരു പ്രത്യേക രജിസ്ട്രറും സൂക്ഷിക്കുന്നു. ഈ അപ്പീൽ അപേക്ഷകൾ പഞ്ചായത്ത് അല്ലെങ്കിൽ നഗരസഭ അല്ലെങ്കിൽ കോർപ്പറേഷൻ സെക്രട്ടറിക്ക് കൈമാറി അപ്പീൽ

നൽകിയ പരാതിക്കാരന് രസീത് നൽകുകയും ചെയ്തു.

**നിലവിലെ സ്ഥിതി**

ഇങ്ങനെ ലഭിച്ച അപ്പീലുകളിൽ വേരിഫിക്കേഷൻ നടത്തിവരികയാണ്. ഓരോ പഞ്ചായത്തിലെയും അല്ലെങ്കിൽ നഗരസഭയിലെയും അതുമല്ലെങ്കിൽ കോർപ്പറേഷനിലെയും സെക്രട്ടറിയാണ് വേരിഫിക്കേഷൻ ടീമിനെ തീരുമാനിച്ചത്. കട്ടപ്പന മുനിസിപ്പാലിറ്റി, ഇരട്ടയാർ, പീരുമേട്, കരിമണ്ണൂർ, കാഞ്ചിയാർ ഏലപ്പാറ എന്നിവിടങ്ങളിൽ അപ്പീൽ വേരിഫിക്കേഷൻ പൂർത്തിയായി കഴിഞ്ഞു. പരാതിക്കാരുടെ വീടുകൾ സർവ്വേ നടത്തിയ ആർപിമാർ വേരിഫിക്കേഷൻ ടീമിനൊപ്പം സന്ദർശിച്ചാണ് പരിശോധന നടത്തുന്നത്. ഇടവെട്ടി, കരിങ്കുന്നം, ഇടമലക്കുടി, മൂന്നാർ, ദേവികുളം, വട്ടവട, മറയൂർ, കാന്തല്ലൂർ, ശാന്തൻപാറ, മരിയാപുരം എന്നിവിടങ്ങളിൽ വേരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല.

**ഭാവി പ്രവർത്തനങ്ങൾ**

- വേരിഫിക്കേഷൻ കഴിഞ്ഞ് ലഭിക്കുന്ന റിപ്പോർട്ട് അനുസരിച്ച് ജില്ലാ ടീം വീണ്ടും പരിശോധന നടത്തി ഉൾപ്പെടുത്തേണ്ടവരെ ഉൾപ്പെടുത്തി ഗുണഭോക്തൃ കരട് പട്ടിക ആപ്ലിക്കേഷൻ വഴി രൂപപ്പെടുത്തും.
- അപേക്ഷ ശുപാർശ ചെയ്ത വ്യക്തിയുടെ (അയൽക്കൂട്ട സെക്രട്ടറി- എഡിഎസ്- സിഡിഎസ്- വാർഡ് മെമ്പർ- ഉദ്യോഗസ്ഥർ) പേരും തസ്തികയും സഹിതം പട്ടികയിൽ ബന്ധപ്പെട്ട ഗുണഭോക്താവിന്റെ പേരിന് നേരെ എഴുതും.
- പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി വീണ്ടും സിഡിഎസുകളിലേക്ക് നൽകും.
- ഉദ്യോഗസ്ഥർ അനർഹരെ നിർദ്ദേശിച്ചാൽ കൃത്യവിലോപത്തിന് നടപടിയെടുക്കും
- ഈ പട്ടിക പ്രത്യേക (അഗതി) ഗ്രാമസഭയിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കും. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പട്ടികയിലുൾപ്പെട്ട വരുടെയുൾപ്പെടെ സൗകര്യമനുസരിച്ച് ഒരിടത്താകും ഈ ഗ്രാമസഭ ചേരുക. ഗ്രാമസഭയിൽ അംഗീകാരം നേടിക്കഴിയുന്നതോടെ അന്തിമ പട്ടിക രൂപീകരണം പൂർത്തിയാകും

**<u>പദ്ധതിരേഖ തയാറാക്കുന്നതിന് കൈക്കൊള്ളുന്ന പ്രവർത്തനങ്ങൾ</u>**

- ഗുണഭോക്താക്കളുടെ ആരോഗ്യഘടകത്തിന്റെ മൂല്യം നിർണ്ണയിക്കുന്നതിനായി ഗവൺമെന്റ് മെഡിക്കൽ ഓഫീസറുടെ സാന്നിധ്യത്തിൽ സിഡിഎസ് തല മെഡിക്കൽ ക്യാമ്പ് നടത്തും.

- അതിന് ശേഷം അന്തിമ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കി ഓരോ സിഡിഎസും അതാതിടങ്ങളിലെ അഗതിരഹിത കേരളം പദ്ധതി രേഖ ഓൺലൈനായി തയാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കും

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക കൗൺസിൽ അല്ലെങ്കിൽ കമ്മിറ്റി ചേർന്ന് പദ്ധതിക്ക് അംഗീകാരം നൽകും

- അംഗീകാരം കിട്ടിയ പദ്ധതിയുടെ പതിപ്പ് ജില്ലാ പഞ്ചായത്ത്- ബ്ലോക്ക് പഞ്ചായത്ത് അറിവിലേക്ക് കൈമാറണം

**<u>പദ്ധതി അംഗീകാരത്തിനുള്ള നടപടി ക്രമങ്ങൾ</u>**

- പദ്ധതി രേഖ, തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച തീരുമാനവും ചേർത്ത് ഓൺലൈനായും രണ്ട് പകർപ്പ് ഹാർഡ് കോപ്പിയായും ജില്ലാ മിഷൻ * കോ ഓർഡിനേറ്റർക്ക് സമർപ്പിക്കും
- ജില്ലാ തലത്തിൽ പദ്ധതിയുടെ സാങ്കേതിക പരിശോധന നടത്തണം. ജില്ലാതലത്തിൽ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ മാറ്റം വരുത്താൻ പാടില്ലാത്തതും സാങ്കേതികമായ തകരാറുകൾ ഉള്ളപക്ഷം ആയത് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നൽകി പരിഹരിക്കുകയും ചെയ്യും.
- പദ്ധതി പരിശോധിച്ച ഡിഎംസി സംസ്ഥാന മിഷനിൽ ശുപാർശയോടെ ഓൺലൈൻ സമർപ്പിച്ച് സർക്കാർ അംഗീകാരം നേടിയെടുക്കും

- അംഗീകാരം കിട്ടിയ പദ്ധതി രേഖ ഡിഎംസി സീൽ ചെയ്ത് ഒരു കോപ്പി സിഡിഎസിന് നൽകും. ഇത് അനുസരിച്ചാകും സിഡിഎസ് പദ്ധതി പ്രവർത്തനം നടത്തുക. മറ്റൊരു കോപ്പി തദ്ദേശ സ്ഥാപനത്തിലും സൂക്ഷിക്കും.
- സമർപ്പിക്കപ്പെട്ട പദ്ധതികൾ പൂർണ്ണമാണെന്ന് ജില്ലാ മിഷനുകളാണ് ഉറപ്പാക്കേണ്ടത്.

പിന്നീടുള്ള ഘട്ടം പദ്ധതി നടപ്പാക്കലാണ്.